## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2607</u> <u>20.06.2013 -ലെ മറുപടിക്ക്.</u>

# <u>പ്ലസ് ടു ബാച്ചിലെ അദ്ധ്യാപകരുടെ ശമ്പളം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| | ശ്രീമതി കെ. എസ്. സലീഖ | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | 2013 - 2014 അദ്ധ്യയന വർഷം എത്ര ഹയർ സെക്കന്ററി സ്കൂളും ബാച്ചും അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ആയതിൽ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ചും അതിൽ ബയോ -സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നിങ്ങനെ എത്ര ബാച്ച് വീതമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| (ബി) | 2012 - 2013 അദ്ധ്യയന വർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര സീറ്റുകളിൽ കുട്ടികളുണ്ടായിരുന്നില്ല; വ്യക്തമാക്കുമോ ; | (ബി) 2012 -13 അദ്ധ്യയന വർഷം അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെ സംസ്ഥാനത്ത് ഒട്ടാകെയായി 50679 സീറ്റുകളാണ് ഒഴിഞ്ഞു കിടന്നത്. |
| (സി) | 2012 - 2013 അദ്ധ്യയന വർഷം ആയിരക്കണക്കിന് സീറ്റുകൾ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിഞ്ഞു കിടക്കുമ്പോൾ ധൃതി പിടിച്ച് സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കു | (സി) മാധ്യമങ്ങളിൽ അത്തരം ആക്ഷേപങ്ങൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യകത അനുസരിച്ചാണ് പുതിയ ബാച്ചുകളും സ്കൂളുകളും അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | ന്നത് സംബന്ധിച്ച് വ്യാപക ആക്ഷേപം വന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | | |
| (ഡി) | മുൻ വർഷങ്ങളിൽ പ്ലസ് ടു അനുവദിച്ചതിന്റെ ഫലമായി അദ്ധ്യാപനം നടത്തി വരുന്ന എത്ര അദ്ധ്യാപകർക്ക് നാളിതുവരെ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ കിട്ടുന്നില്ല; വ്യക്തമാക്കുമോ ? | (ഡി) | ഇത് സംബന്ധിച്ച കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല. |
| (ഇ) | ഇത്തരം ശമ്പളം ലഭിക്കാത്ത പ്ലസ് ടു അദ്ധ്യാപകർ ധാരാളം സംസ്ഥാനത്തുള്ള പ്പോൾ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾക്ക് അനു മതി നൽകുന്നത് പരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ? | (ഇ) | (സി) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ